കൊയിലാണ്ടി മണ്ഡലത്തിലെ ഐ.എച്ച്.ഡി.പി. കോളനി

26 (251) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ടെന്ന് അറിയിക്കാമോ ; പണി പൂർത്തിയാകാത്ത എത്ര ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പണി കഴിയാത്ത കോളനികളിൽ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പത്ത് (10) ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ട്. ഇവയിൽ അഞ്ചു കോളനികളിൽ പണി പൂർത്തിയാകാനുണ്ട്.

(ബി) പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുടിവെള്ള പദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങൾ

27 (252) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രത്യേക ഘടകപദ്ധതി സ്കീമിൽ ഉൾപ്പെടുത്തി തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി പഞ്ചായത്തുകളിലെ മേലടുക്കം, കരുവ പങ്കയം, മൗക്കോട്, സർക്കാരി, കടുമേനി, പടേങ്ങാനം കോളനികളിൽ അനുവദിച്ച കുടിവെള്ള പദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ മേലടുക്കം പടേങ്ങാനം കോളനികളിലെ കുടിവെള്ള പദ്ധതികൾക്കായുള്ള എസ്റ്റിമേറ്റ് 12-2-2001-ൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ കളക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി നാലു കോളനികളിലെ കുടിവെള്ള പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

യുവജനക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതി

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ യുവജനക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) യുവജനക്ഷേമത്തിനു വേണ്ടി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ അത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന യുവജനക്ഷേമ പരിപാടികളാണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത്.

1. തൊഴിൽ പരിശീലന പരിപാടികൾ :
   - (എ) നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ യുവാക്കൾക്ക് കാർപ്പന്ററിയിലും മേസ്സണറിയിലും പരിശീലനം നൽകി.
   - (ബി) സമൃദ്ധി കേന്ദ്രം മുഖേന യുവാക്കൾക്ക് വിവിധ തൊഴിൽ പരിശീലനം.
   - 2. (സി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട യുവാക്കൾക്ക് നിർമ്മിതി കേന്ദ്രം മുഖേന കൊത്തൻ പണിയിൽ പരിശീലനം.
   - (ഡി) ആദിവാസികളായ യുവാക്കൾക്ക് ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് വിഭാഗത്തിൽ പരിശീലനം.
   - (ഇ) ക്ഷീരോൽപ്പാദന നിർമ്മാണത്തിൽ യുവതീ-യുവാക്കൾക്ക് പരിശീലനം.
2. അഞ്ച് ദേശീയോത്ഗ്രഥന ക്യാമ്പുകൾ നടത്തുകയുണ്ടായി.
3. പ്രദർശനങ്ങൾ :
   - (എ) വൈമാനിക സാഹസിക പ്രദർശനം
   - (ബി) കരകൗശല വിപണന പ്രദർശനം
   - (സി) ചിത്രകലാ പ്രദർശനം
4. സാഹസിക ആക്കാഡമികൾ :
   - (എ) ഇടുക്കിയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമി 1998-ൽ സ്ഥാപിച്ച, സാഹസിക പ്രവർത്തനങ്ങളിൽ പരിശീലനം നൽകിവരുന്നു.
   - (ബി) കണ്ണൂരും പന്തളത്തും സാഹസിക അക്കാഡമി സബ്സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ നടന്നു വരുന്നു.
5. നാടൻ കലകളെ പരിപോഷിപ്പിക്കുന്നതിനും പുനർജീവിപ്പിക്കുന്നതിനുമായി, തെരഞ്ഞെടുക്കപ്പെട്ട കലാകാരൻമാരായ യുവാക്കളെയും യുവതികൾക്കും നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു.
6. ഗ്രാമതലം മുതൽ സംസ്ഥാനതലം വരെ യുവജനങ്ങളുടെ കലാകായിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി എല്ലാ വർഷവും കേരളോത്സവം നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) യുവജനക്ഷേമ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(എ) സോഷ്യൽ ആക്ടിവിസ്റ്റുകളുടെ പദ്ധതി.

(ബി) "യുവജ്യോതി" എന്ന തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കൽ.

(സി) "യുവകൈരളി" എന്ന മാസികയുടെ പ്രസിദ്ധീകരണം എന്നീ പുതിയ പദ്ധതികളാണ് ഉടൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

വൻകിട ജലസേചന പദ്ധതികൾ

29 (254) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വൻകിട ജലസേചന പദ്ധതികളിൽ നിന്നും കൃഷിക്കാർക്ക് കൃഷിക്കാവശ്യമായ വെള്ളം നല്കിവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പദ്ധതികളുടെ പട്ടിക ലഭ്യമാക്കുമോ ;

(സി) കുറ്റ്യാടി ജലസേചന പദ്ധതിക്ക് ഈ വർഷം മെയിന്റനൻസ് പ്രവർത്തി നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരളത്തിൽ പന്ത്രണ്ട് വൻകിട ജലസേചന പദ്ധതികളിൽ നിന്നും കൃഷിക്കാർക്ക് കൃഷിക്കാവശ്യമായ വെള്ളം നല്കി വരുന്നുണ്ട്.

(ബി) 1. പഴശ്ശി
2. കുറ്റ്യാടി
3. മലമ്പുഴ
4. കാഞ്ഞിരപ്പുഴ
5. ചിറ്റൂർപുഴ
6. പെരിയാർ
7. പമ്പാ
8. പീച്ചി
9. ചിമ്മിനി
10. മൂവാറ്റുപുഴ
11. ചാലക്കുടി
12. കല്ലട (ഭാഗികമായി ജലം നല്കുന്നത്)

(സി) ഉണ്ട്. നവംബർ 2000-ൽ.

LIBRARY ARCHIVES Kerala Legislative Assembly